**കണ്ണൂർ ജില്ലയിൽ പാനൂരിലെ സാമൂഹ്യാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതിയുടെ ശുപാർശക്കുറിപ്പ്.**

**തിയ്യതി - 06 -11 -2020**

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ പാനൂരിലെ സാമൂഹ്യാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി വികസിപ്പിക്കുന്നതിനു വേണ്ടി ഭൂമിയേറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യാഘാതത്തെക്കുറിച്ച് ചെയർമാൻ, സാമൂഹ്യാഘാത പഠനയൂണിറ്റ് കയ്റോസ് കണ്ണൂർ എന്ന ഏജൻസി നടത്തിയ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനും വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി താഴെ ഒപ്പിട്ടവർ അംഗങ്ങളായുള്ള വിദഗ്ദ്ധസമിതി കണ്ണൂർ ജില്ലാ കലക്ടറുടെ 23-10-2020 ലെ DC/KNR /2753/2020/സി 1 നമ്പറായുള്ള ഉത്തരവ് പ്രകാരം രൂപവൽക്കരിച്ചിരുന്നു.

മേൽപ്പറഞ്ഞ പ്രകാരം രൂപവൽക്കരിച്ച വിദഗ്ദ്ധ സമിതിയുടെ പ്രഥമ യോഗം 02-11-2020 ാം തിയ്യതി ഉച്ചയ്ക്ക് 12 മണിക്ക് പാനൂരിലെ എം.എൽ.എ ഓഫീസിൽ വെച്ച് ചെയർമേൻ ശ്രീ. എം.ഗോപിയുടെ അധ്യക്ഷതയിൽ ചേർന്നു. യോഗം ചേർന്നതിന്റെ ഉദ്ദേശങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിലെ കാര്യങ്ങൾ യോഗം വിശകലനം ചെയ്തു. തുടർന്ന് ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന സ്ഥലം സമിതിയംഗങ്ങൾ സന്ദർശിച്ചു.

തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിൽപ്പെട്ട പാനൂർ ദേശത്തെ റിസ 128/1, 128/2A ,128/2B എന്നീ നമ്പറുകളിൽപ്പെട്ട 0.7870 ഹെക്ടർ ഭൂമിയാണ് ഒരു കൈവശക്കാരനിൽ നിന്നുമായി മേൽപ്പറഞ്ഞ ആവശ്യത്തിനുവേണ്ടി ഏറ്റെടുക്കുന്നത്. പ്രസ്തുത സ്ഥലം നിരപ്പായതും ഒരു കൃഷിയുമില്ലാത്തതുമാണ്. സ്ഥലത്ത് രണ്ട് കിണറുകളുണ്ട്.

വിദഗ്ദ്ധ സമിതിയുടെ അന്തിമയോഗം 06-11- 2020 ാം തിയ്യതി 11 മണിക്ക് പാനൂരിലുള്ള എം.എൽ.എ ഓഫീസിൽ വെച്ച് ചേർന്നു. പഠന റിപ്പോർട്ടിലുള്ള കാര്യങ്ങളും സ്ഥലപരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങളും വിശദമായി ചർച്ച ചെയ്ത് താഴെ ചേർത്ത പ്രകാരം ശുപാർശകൾ സമർപ്പിക്കുന്നു.

1. നിലവിലുള്ള പാനൂർ സാമൂഹ്യാരോഗ്യ കേന്ദ്രം സ്ഥലപരിമിതിയാൽ വികസന പ്രവർത്തനങ്ങൾ നടത്താനാവാത്ത സ്ഥിതിയിലാണുള്ളത്. പാനൂർ ബ്ലോക്ക് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളിലേയും പാനൂർ മുനിസിപ്പാലിറ്റിയിലേയും ജനങ്ങൾ ഈ സാമൂഹ്യാരോഗ്യ കേന്ദ്രത്തെയാണ് ചികിത്സയ്ക്കായി ആശ്രയിക്കുന്നത്. ആദിവാസി/ പട്ടികജാതി സമൂഹങ്ങൾ തിങ്ങിപ്പാർക്കുന്ന ബ്ലോക്കിലെ കിഴക്കൻ മേഖലയിലുള്ളവർക്ക് സൗജന്യചികിത്സ യഥാസമയം ലഭ്യമാക്കുന്നതിനും

ഈ സാമൂഹ്യാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനും നിലവിലുള്ള സ്ഥലസൗകര്യം അപര്യാപ്തമാണ്. ആയതിനാൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യത്തിന് വേണ്ടിത്തന്നെയാണ്.

ഈ സാമൂഹ്യാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനും നിലവിലുള്ള സ്ഥലസൗകര്യം അപര്യാപ്തമാണ്. ആയതിനാൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യത്തിന് വേണ്ടിത്തന്നെയാണ്.

2. ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന സ്ഥലം പാനൂർ ബസ്സ്റ്റാൻഡിൽ നിന്നും ഒരു കിലോമീറ്റർ ദൂരത്തിനുള്ളിലായി പാനൂർ പൂക്കോം റോഡിന് ചേർന്ന് കിടക്കുന്നതും യാതൊരു കൃഷിയും നടത്തിവരുന്നില്ലാത്തതും നിരപ്പായതും താമസഗൃഹങ്ങളില്ലാത്തതും നിർദ്ദിഷ്ട ആവശ്യത്തിന് ഏറ്റവും യോജിച്ചതുമാണെന്ന് സ്ഥലപരിശോധനയിൽ കാണുന്നു. ആയതിനാൽ ഇതിന് പകരം മറ്റൊരു ഭൂമി കണ്ടെത്തേണ്ട ആവശ്യമില്ലെന്ന് ഈ സമിതി ശുപാർശ ചെയ്യുന്നു.

3. നിർദ്ദിഷ്ട ആവശ്യത്തിനു വേണ്ടി ഏറ്റവും കുറഞ്ഞ അളവിലുള്ള ഭൂമിയാണ് ഇപ്പോൾ ഏറ്റെടുക്കുന്നതെന്ന് സ്ഥലപരിശോധനയിൽ കാണുന്നു. ഭാവിയിൽ വികസനം ആവശ്യമായാൽ അതിനുള്ള അനുബന്ധ സ്ഥലത്തിനുള്ള സാദ്ധ്യതയും ലഭ്യമാണെന്ന പഠന റിപ്പോർട്ടിനോട് ഈ സമിതി യോജിക്കുന്നു.

4. ഏറ്റെടുക്കുന്ന സ്ഥലത്തിന് താമസഗൃഹങ്ങളൊന്നുമില്ലാത്തതിനാൽ പുനരധിവാസ പ്രശ്നങ്ങളില്ലെന്ന് ബോധ്യമായിരിക്കുന്നു.

5. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം ആരുടെയെങ്കിലും തൊഴിലിനോ,വരുമാനത്തിനോ,പൊതുജനങ്ങൾക്കോ, പൊതുസ്ഥാപനങ്ങൾക്കോ,പരിസ്ഥിതിക്കോ യാതൊരു ആഘാതങ്ങളുമില്ലെന്ന പഠനറിപ്പോർട്ടിനോട് ഈ സമിതി പൂർണ്ണമായും യോജിക്കുന്നു.

6. ആശുപത്രിയിൽ നിന്നുള്ള മലിന ജലമുൾപ്പെടെയുള്ള മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ നടപടികൾ യഥാസമയം ഉണ്ടാകണമെന്ന് വിദഗ്ദസമിതി ശുപാർശ ചെയ്യുന്നു.

7. സ്ഥലമുടമയ്ക്ക് നഷ്ടപരിഹാരം താമസംവിനാ ലഭ്യമാക്കണമെന്ന് ശുപാർശ ചെയ്യുന്നു.

നിലവിൽ യാതൊരു പ്രത്യാഘാതങ്ങളും ഉണ്ടാക്കാത്ത നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം പാനൂർ ബ്ലോക്കിന് കീഴിലുള്ള 7 പഞ്ചായത്തുകളിലെയും പാനൂർ മുനിസിപ്പാലിറ്റിയിലെയും കോഴിക്കോട് ജില്ലയുടെ അതിർത്തി പ്രദേശങ്ങളിലെയും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന നേട്ടം ഏറ്റവും ഉന്നതമാണെന്ന് ഈ വിദഗ്ദസമിതിക്ക് ബോധ്യമാകുകയും ആയതുപ്രകാരം നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ ഏറ്റവും വേഗത്തിൽ പൂർത്തിയാക്കേണ്ടത് അത്യാവശ്യമാണെന്ന് ശുപാർശ സമർപ്പിക്കുകയും ചെയ്യുന്നു.

ജിജി കൈതപ്രത്ത്
സാമൂഹ്യശാസ്ത്രജ്ഞ

സുധീർ.കെ.കെ
കൗൺസിലർ
പാനൂർ നഗരസഭ

സുവർണ.ഇ.കെ
ചെയർപേഴ്സൺ
പാനൂർ നഗരസഭ

ഡോ.അനിൽകുമാർ.കെ.കെ
മെഡിക്കൽ ഓഫീസർ,പാനൂർ
സാമൂഹ്യാരോഗ്യകേന്ദ്രം

രാജൻ.പി
റിട്ട.ഡപ്യൂട്ടി കലക്ടർ
പുനരധിവാസ
പ്രവർത്തന വിദഗ്ദൻ

സി.എം. മുരളീധരൻ
റിട്ട.ഡപ്യൂട്ടി കലക്ടർ
പുനരധിവാസ
പ്രവർത്തന വിദഗ്ദൻ

ഗോപി.എം
സാമൂഹ്യ ശാസ്ത്രജ്ഞൻ
ചെയർമാൻ, വിദഗ്ധസമിതി